മന്ത് രോഗ ചികിത്സ: ശിൽപശാല

കൊച്ചി: ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചുമായി (ഐസിഎംആർ) സഹകരിച്ച് അമൃത ആശുപത്രിയിൽ സമഗ്ര മന്ത് രോഗ ചികിത്സാ, പരിചരണ പരിശീലന പരിപാടി ആരംഭിച്ചു. കമ്മ്യൂണിറ്റി മെഡിസിൻ, പ്ലാസ്റ്റിക് സർജറി വിഭാഗങ്ങളുടെ നേതൃത്വത്തിൽ നടത്തുന്ന 5 ദിവസത്തെ പരിശീലന പരിപാടിയുടെ ഉദ്ഘാടനം പ്ലാസ്റ്റിക് ആൻഡ് റീ കൺസ്ട്രക്റ്റീവ് സർജറി വിഭാഗം ചെയർമാൻ ഡോ. സുബ്രഹ്മണ്യ അയ്യർ നിർവഹിച്ചു.

കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം മേധാവി ഡോ. എസ്. അശ്വതി, എമരിറ്റസ് പ്രൊഫ. ഡോ. കെ.എൻ. പണിക്കർ, ഡോ. പോൾ ടി. ഫ്രാൻസീസ് തുടങ്ങിയവർ സംസാരിച്ചു. തുടർന്ന് നടന്ന ക്ലാസുകൾക്ക് ഡോ.ടീന മേരി ജോയ്, ഡോ.പി. കിഷോർ, ഡോ. സാം തോമസ്, ഡോ. ശ്രീലക്ഷ്മി മോഹൻദാസ്, ഡോ.ചന്ദ്ര സിങ് തുടങ്ങിയവർ നേതൃത്വം നൽകി. മന്ത് രോഗബാധിതരെ വീടുകളിലെത്തി സന്ദർശിച്ച് അവർക്കാവശ്യമായ ചികിത്സാ നിർദേശങ്ങൾ നൽകുന്നതിനുള്ള ഐസിഎംആർ പദ്ധതിയുടെ ഭാഗമായാണ് നഴ്സുമാർ ഉൾപ്പെടെയുള്ള ആരോഗ്യപ്രവർത്തകർക്ക് പരിശീലനം നൽകുന്നത്. അമൃത ആശുപത്രിയുടെ നേതൃത്വത്തിൽ ചേർത്തലയിൽ ആരംഭിക്കുന്ന ക്ലിനിക്കിലും പരിശീലനം നേടിയ ആരോഗ്യ പ്രവർത്തകരുടെ സേവനം ലഭ്യമായിരിക്കും.

പൊന്നാരംതോട്ടം ഭദ്രാ ദുർഗ്ഗാ ദേവിക്ഷേത്രത്തിലെ പത്താമുദയ ഉത്സവത്തിന്റെ കെട്ടുകാഴ്ചകൾ അണിനിരന്നപ്പോൾ

ആൾക്കൂട്ടമർദ്ദനത്തെ തുടർന്ന് കൊല്ലപ്പെട്ട അശോക്ദാസിന്റെ മൃതദേഹം സംസ്കരിച്ചു

മൂവാറ്റുപുഴ: വാളകത്ത് ആൾക്കൂട്ടമർദ്ദനത്തെ തുടർന്ന് കൊല്ലപ്പെട്ട അരുണാചൽപ്രദേശ് സ്വദേശി അശോക്ദാസിന്റെ മൃതദേഹം സംസ്കരിച്ചു. കവളങ്ങാട് പഞ്ചായത്തിലെ നേര്യമംഗലം പൊതുശ്മശാനത്തിലാണ് മൂവാറ്റുപുഴ പൊലീസിന്റെ നേതൃത്വത്തിൽ സംസ്കരിച്ചത്. മൃതദേഹം ഏറ്റുവാങ്ങാൻ ബന്ധുക്കൾ എത്തില്ലെന്ന് രേഖാമൂലമുള്ള അറിയിപ്പ് ലഭിച്ചതിനെ തുടർന്നാണ് റൂറൽ ജില്ലാ പൊലീസ് മേധാവി ഡോ. വൈഭവ് സക്സേനയുടെ അനുമതി വാങ്ങി പൊലീസ് മൃതദേഹം സംസ്കരിച്ചത്. അന്യസംസ്ഥാനത്ത് കൊല്ലപ്പെട്ടയാളുടെ മൃതദേഹം ആഴ്ചകൾ കഴിഞ്ഞ് നാട്ടിൽ എത്തിച്ച് സംസ്കാരം നടത്തുന്നതിനെ ഗ്രാമമുഖ്യൻ ഉൾപ്പെടെ എതിർത്തതോടെ മൃതദേഹം ഏറ്റുവാങ്ങാൻ എത്തില്ലെന്ന് ബന്ധുക്കൾ അറിയിച്ചിരുന്നു. എന്നാൽ രേഖാമൂലമുള്ള അറിയിപ്പ് ലഭിക്കണമെന്ന നിലപാടിലായിരുന്നു ജില്ലാ ഭരണകൂടവും, തൊഴിൽ വകുപ്പും, പൊലീസും. കഴിഞ്ഞ ദിവസം അരുണാചൽ പ്രദേശിലെ വെസ്റ്റ് സിയാങ് ജില്ലയിലെ ആലോ പൊലീസ് സ്റ്റേഷനിൽ നിന്ന് രേഖാമൂലമുള്ള അറിയിപ്പ് ലഭിക്കുകയും, തുടർ നടപടിക്രമങ്ങൾ പൂർത്തിയാക്കി മൃതദേഹം സംസ്ക്കരിക്കുകയുമായിരുന്നു. കഴിഞ്ഞ 4ന് രാത്രിയിലാണ് വാളകത്ത് ആൾക്കൂട്ടമർദ്ദനത്തിനിരയായ അശോക്ദാസ് കൊല്ലപ്പെട്ടത്.

ഗ്രിഗോറിയോസ് ബാവയുടെ ശ്രാദ്ധ പെരുന്നാളിന് കൊടികയറി

പറവൂർ:സെന്റ് തോമസ് യാക്കോബായ സുറിയാനി പള്ളിയിൽ കബറടങ്ങിയിട്ടുള്ള പരി:അബ്ദുൾ മോർ ഗ്രീഗോറിയോസ് ബാവയുടെ 343-ാം ശ്രാദ്ധ പെരുന്നാളിന് കൊടികയറി. പെരുന്നാൾ ദിവസമായ ശനിയാഴ്ച രാവിലെ 6.30-ന് കബറിങ്കൽ കുർബ്ബാന 9.00 ന് വി. മൂന്നിന്മേൽ കുർബ്ബാന. 12 മണിക്ക് നേർച്ചസദ്യ ആരംഭിക്കും.അമ്പതിനായിരം വിശ്വാസികൾക്കുള്ള നേർച്ച സദ്യ ഒരുക്കിയിട്ടുള്ളതായി പള്ളിവികാരി ഫാ. വർഗ്ഗീസ് പൈനാടത്ത്, സഹവികാരിമാർ ഫാ. എബ്രഹാം ചെമ്പോത്തുകൂടി, ഫാ. എൽദോ വർഗ്ഗീസ് തൈപറമ്പിൽ, സെക്രട്ടറി നിബു കുരിയൻ അമ്പൂക്കൻ , ജോയിന്റ് ജനറൽ കൺവിനർ ഇ. എ ജേക്കബ് ഈരാളിൽ, എക്സിക്യൂട്ടീവ് അംഗങ്ങൾ രഞ്ജൻ എബ്രഹാം അമ്പൂക്കൻ, ഏലിയാസ് പുതുശ്ശേരി, റിജോ പാറക്കൽ, പി. എ പോൾ, ജോയ് പാടത്തുപറമ്പിൽ, പബ്ലിസിറ്റി കോൺവീണർ ജെയ്സൺ ജോയ് എന്നിവർ പറഞ്ഞു. പെരുന്നാളിനു മുന്നോടിയായി ഛായാചിത്ര പാതാക ,ദീപശിഖ പ്രയാണങ്ങൾ വിവിവസ്ഥലങ്ങളിൽ നിന്നും പള്ളിയിൽ എത്തിചേർന്നിരുന്നു.

നേത്രദാന സമ്മതപത്രം

ചേർത്തല:മുട്ടം ഹോളിഫാമിലി ഹയർസെക്കന്ററി സ്കൂളിലെ 1994 എസ്എസ്എൽസി ബാച്ചിലെ വിദ്യാർഥികൾ ഒന്നിച്ച് നേത്രദാന സമ്മതപത്രം നൽകുന്നു.പൂർവ്വ വിദ്യാർത്ഥി സംഘടന രൂപീകൃതമായി ഒരു വർഷത്തിനിടെ രക്തദാന സേനയടക്കം രൂപീകരിച്ച് സമൂഹനന്മക്കു കൂടി പ്രാധാന്യ നൽകുന്ന പ്രവർത്തനങ്ങളാണ് നടത്തിയത്.

170 ഓളം അംഗങ്ങളുള്ള സംഘടനയിൽ 150 പേരാണ് ആദ്യഘട്ടത്തിൽ നേത്രദാനസമ്മത പത്രം നൽകുന്നതെന്ന് പൂർവ്വ വിദ്യാർഥി സംഘടന കോർഡിനേറ്റർ ഐ.ബി സുരേന്ദ്രൻ,വൈസ് ചെയർമാൻ കെ.ജെ.എബിമോൻ എന്നിവർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. നിലവിൽ സ്ഥലത്തില്ലാത്തവരടക്കമുള്ള 20 പേർ അടുത്ത ഘട്ടത്തിൽ സമ്മതപത്രം കൈമാറും.അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയുമായി സഹകരിച്ചാണ് സമ്മതപത്രം കൈമാറുന്നത്.ഇത് ഓരോ അംഗത്തിന്റെയും വീട്ടിൽ പ്രദർശിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്.28-ന് വൈകിട്ട് നാലിനു കായിപ്പുറം റിസോർട്ടിൽ നടക്കുന്ന പൂർവ്വ വിദ്യാർഥി സംഗമത്തിൽ ആശുപത്രി അധികൃതർ ഏറ്റുവാങ്ങും.

അന്നപൂർണ കാറ്ററിങ്ങിന് പുരസ്കാരം

വൈക്കം: പാചകകലയിൽ മികവ് പുലർത്തിയതിന് വൈക്കത്തെ അന്നപൂർണ കാറ്ററിങ്ങിന് പുരസകാരം. ഇവന്റ് മാനേജ്മെന്റ് കേരള അസോസിയേഷൻ എർപ്പെടുത്തിയ ബെസ്റ്റ് ട്രെഡീഷണൽ കാറ്ററിങ് സൊല്യൂഷൻ ഫോർ എൻ ഇവന്റ്, ബെസ്റ്റ് ഇന്നോവേറ്റീവ് ഫുഡ് ഡിസ്പ്ലേ എന്നീ രണ്ടു വിഭാഗങ്ങളിലെ പുരസ്കാരമാണ് ലഭിച്ചത്. വൈക്കം കിഴക്കേനട കണിച്ചേരിൽ കെ.സി കൃഷ്ണമൂർത്തി(കണ്ണൻ സ്വാമി)യുടെ ഉടമസ്ഥതയിലുള്ളതാണ് അന്നപൂർണ കാറ്ററിങ്സ്. ഇവന്റ് മാനേജ്മെന്റ് കേരള അസോസിയേഷൻ എക്സി. മെമ്പർ എം.പി അഫ്സലിൽ നിന്നും കണിച്ചേരിൽ ബാലു സ്വാമി അവാർഡ് ഏറ്റുവാങ്ങി. അസോസിയേഷൻ പ്രസിഡന്റ് രാജു കണ്ണമ്പുഴ, എക്സി. മെമ്പർമാരായ നിസാർ, സുഹൈൽ അബൂബക്കർ എന്നിവർ സന്നിഹിതരായിരുന്നു.

തിരഞ്ഞെടുപ്പ് ഡ്യൂട്ടിക്ക് എത്തിയ വാഹനത്തിന് നേരെ ആക്രമണം

കൊച്ചി: തെരഞ്ഞെടുപ്പ് ഡ്യൂട്ടിയ്ക്ക് എത്തിയ വാഹനത്തിന് നേരെ ആക്രമണം. കമീഷണർ ഓഫിസിന് സമീപം നിർത്തിയിട്ടിരുന്ന ബസിന്റെ ചില്ലുകൾ തകർത്തു. ഇന്നലെ രാത്രിയിലാണ് ആക്രമണം നടത്തിയത്. സാമൂഹ്യ വിരുദ്ധരാണ് ആക്രമണത്തിന് പിന്നിലെന്ന് ബസ് ജീവനക്കാർ ആരോപിച്ചു.

തെരഞ്ഞെടുപ്പ് ജോലിക്കായി എത്തിയ മറൈൻ ഡ്രൈവിൽ എത്തിച്ച ബസിന് നേരെയാണ് ആക്രമണം. കൊച്ചി കമീഷണർ ഓഫിസിന് സമീപം മറൈൻ ഡ്രൈവിലെ പാർക്കിംഗ് ഗ്രൗണ്ടിൽ നിർത്തിയിട്ടിരുന്ന ബസിന്റെ ചില്ലുകൾ ആണ് തകർത്തത്. ബസിന്റെ മുൻ വശത്തെ ചില്ലും വശങ്ങളിലെ ചില്ലുകളും ആണ് തകർത്തത്. കഴിഞ്ഞ ദിവസം വൈറ്റില ഹബ്ബിൽ നിർത്തിയിട്ടിരുന്ന ഇതേ ബസിന് നേരെ ആക്രമണം ഉണ്ടായിരുന്നു.

ഇതേ ആളുകൾ തന്നെയാണ് ആക്രമണം നടത്തിയതെന്ന് ബസിലെ ജീവനക്കാർ ആരോപിച്ചു. സംഭവത്തിൽ സിസിടിവി കേന്ദ്രീകരിച്ച് അന്വഷണം പുരോഗമിക്കുകയാണ്. വൈറ്റില ഹബിൽ ബസിന് നേരെ ആക്രമണം നടത്തിയ ആളെ പൊലീസ് അറസ്റ്റ് ചെയ്ത് ജാമ്യത്തിൽ വിട്ടിരുന്നു.

സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ് മാർ റാഫേൽ തട്ടിലിന് കോതമംഗലം രൂപത നൽകിയ സ്വീകരണം

മാർ റാഫേൽ തട്ടിലിന് കോതമംഗലത്ത് ഊഷ്മള വരവേൽപ്

കോതമംഗലം: സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ്പായി തിരഞ്ഞെടുക്കപ്പെട്ട ശേഷം കോതമംഗലം രൂപതയിൽ പ്രഥമ ഔദ്യോഗിക സന്ദർശനത്തിനെത്തിയ മാർ റാഫേൽ തട്ടിലിന് കോതമംഗലം സെന്റ് ജോർജ് കത്തീഡ്രൽ അങ്കണത്തിൽ ഊഷ്മള വരവേൽപ്.കോതമംഗലം രൂപതയുടെ സ്നേഹത്തിന്റെയും ആദരവിന്റെയും പ്രതീകമായി മാർ റാഫേൽ തട്ടിലിന് രൂപത ബിഷപ്പ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ അംശവടി സമ്മാനിച്ചു. കുർബാനയിൽ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ, മാർ ജോർജ് പുന്നേക്കോട്ടിൽ, രൂപത വികാരി ജനറൽ മോൺ. പയസ് മലേക്കണ്ടം, സിഎംഎ. പ്രൊവിൻഷ്യൻ സുപ്പീരിയർ ഫാ. മാത്യു മഞ്ഞകുന്നേൽ, ഫാ. ജോസ് പുൽപ്പറമ്പിൽ, ഫൊറോന വികാരിമാർ എന്നിവർ പങ്കെടുത്തു

ബിഎഐ സംസ്ഥാന ഭാരവാഹികളെ തെരഞ്ഞെടുത്തു

കൊച്ചി: കരാറുകാർ, എൻജിനീയർമാർ, നിർമാണ മേഖലയുമായി ബന്ധപ്പട്ട മറ്റു പ്രൊഫഷണലുകൾ, കമ്പനികൾ എന്നിവരുടെ സംഘടനയായ ബിൽഡേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യ (ബിഎഐ) യുടെ പുതിയ സംസ്ഥാന ഭാരവാഹികളെ തിരഞ്ഞെടുത്തു. പി.എൻ. സുരേഷ് (ചെയർമാൻ), മിജോയ് കെ. മാമു (സെക്രട്ടറി), കെ. സതീഷ് കുമാർ (ട്രഷറർ), എബിൻ ജോൺ (ജോയിന്റ് സെക്രട്ടറി) എന്നിവരെ തിരഞ്ഞെടുത്തു.

ഭരണസമിതിയെ തെരഞ്ഞെടുത്തു

നെൽസൺ മാടമന (ജനറൽ സെക്രട്ടറി) , ജോസ് കുമ്പയിൽ (പ്രസിഡന്റ്)

ചേർത്തല: കേരള വ്യാപാരി വ്യവസായി ഏകോപന സമിതി ചേർത്തല യൂണിറ്റ് വാർഷിക പൊതുയോഗത്തിൽ പുതിയ ഭരണസമിതിയെ തെരഞ്ഞെടുത്തു. അംഗങ്ങളായി ജോസ് കുമ്പയിൽ (പ്രസിഡന്റ്) ,നെൽസൺ മാടമന (ജനറൽ സെക്രട്ടറി),ജിജിമോൻ (ട്രഷറർ), എന്നിവരും , ഇ. ജെ തോമസ്,പി .റ്റി ജോൺ, ജയചന്ദ്രൻ , ആന്റണി, സാജു , ജാൻസി തോമസ്, രാമചന്ദ്രൻ നായർ,റിൻസി ,സ്മിത ഗണേഷ്, ജസ്റ്റിൻ തുടങ്ങിയ 21 അംഗ കമ്മറ്റിയും രൂപീകരിച്ചു.

സാമ്പത്തിക പ്രതിസന്ധി രൂക്ഷം: ആർ ടി ഒഫീസിൽ ഇന്റർ നാഷണൽ ഡ്രൈവിംഗ് പെർമിറ്റ് പ്രിൻ്റിംഗ് നിറുത്തി

കാക്കനാട് : എറണാകുളം ആർ ടി ഓഫീസിൽ ഇന്റർനാഷണൽ ഡ്രൈവിങ് പെർമിറ്റ്(ഐഡിപി) പ്രിന്റിംഗ് നിർത്തി. എറണാകുളം ആർ ടി ഓഫീസിൽ മാത്രം ഇന്റർനാഷനൽ ഡ്രൈവിങ് പെർമിറ്റിനായി കാത്തിരിക്കുന്നത് 160 ഓളം അപേക്ഷകരാണ്.സർക്കാർ കടുത്ത സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് പ്രിന്റിംഗ് സാമഗ്രികൾ വാങ്ങാൻ സർക്കാർ പണം അനുവദിക്കാത്തതാണ് പ്രിന്റിംഗ് തടസപ്പെടാൻ കാരണം. സാധാരണ ബന്ധപ്പെട്ട രേഖകൾ സഹിതം അപേക്ഷിച്ചാൽ ഒരുദിവസം മുതൽ മൂന്ന് ദിവസം വരെയാണ് ഇന്റർനാഷനൽ ഡ്രൈവിങ് പെർമിറ്റ് ലഭിക്കാൻ എടുത്തിരുന്നത്.എന്നാൽ സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി മൂലം ഇപ്പോൾ അപേക്ഷകൾക്ക് എപ്പോൾ കിട്ടുമെന്ന കാര്യത്തിൽ ധാരണ മോട്ടോർ വാഹന വകുപ്പിനുപോലുമില്ല.സംസ്ഥാനത്ത് ഏറ്റവും തിരക്കുള്ള ആർ.ടി ഓഫീസിലാണ് ഈ ദുർഗതി.കഴിഞ്ഞ ദിവസം വയനാട് ആർ.ടി ഓഫീസിൽ നിന്നും ഇന്ററനാഷനൽ ഡ്രൈവിങ് പെർമിറ്റ് പ്രിന്റിങ് സാമഗ്രികൾ കൊണ്ടുവന്നിരുന്നു.നാമമാത്രമായ സാമഗ്രികളാണ് എത്തിച്ചിരിക്കുന്നത്. ഇതോടെ പെർമിറ്റിനായി ഉന്നതരുടെ വിളികളും എത്തിത്തുടങ്ങി.അപേക്ഷകരുടെ മുൻഗണന പ്രകാരമല്ലാതെ ഉന്നതരുടെ ശുപാർശയിൽ പെർമിറ്റ് നൽകുന്നതാണ് ഇപ്പോൾ വിവാദമായിരിക്കുന്നത്. ഒരുവർഷമാണ് ലൈസൻസിന്റെ കാലാവധി.പ്രിന്റിംഗിന് ആവശ്യമായ സാമഗ്രികൾ വാങ്ങുന്നതിനു സർക്കാർ പണം അനുവദിക്കാതായതോടെയാണ് ഇന്ററനാഷനൽ ഡ്രൈവിങ് പെർമിറ്റിന് (ഐഡിപി) നായി ഉദ്യോഗാർഥികളുടെ കാത്തിരിപ്പ് നീളുന്നത്.

ലോക പുസ്തക ദിനാചരണവും പുസ്തക ചർച്ചയും നടത്തി

ചേർത്തല :കേരള സാബർമതി സാംസ്കാരിക വേദിയുടെ നേതൃത്വത്തിൽ വേൾഡ് ഡ്രാമാറ്റിക്ക് സ്റ്റഡി സെന്ററിന്റെ സഹകരണത്തോടെ ലോക പുസ്തക ദിനാചരണവും പുസ്തക ചർച്ചയും പ്രശസ്ത എഴുത്തുകാരൻ ആര്യാട് ഭാർഗ്ഗവൻ ഉദ്ഘാടനം ചെയ്തു,സ്റ്റഡി സെന്റർ ഹാളിൽ നടന്ന പരിപാടിക്ക് സാംസ്കാരിക വേദി സംസ്ഥാന പ്രസിഡന്റ് ജോസഫ് മാരാരിക്കുളം അധ്യക്ഷത വഹിച്ചു, ഫാദർ.ഡോ. സാംജി വടക്കേടത്തിന്റെ തനത് കുട്ടനാട് -ദേശ ചരിത്രവും സംസ്കാരവും എന്ന പുസ്തകത്തെക്കുറിച്ച് ടോം ജോസഫ് ചമ്പക്കുളം ചർച്ചയ്ക്ക് നേതൃത്വം നൽകി.

ഗാന രചിതാവും ബാലസഹിത്യകാരനുമായ വയലാർ ഗോപാലകൃഷ്ണൻ, ഫോക്‌ലോർ അക്കാദമി പുരസ്കാര ജേതാവ് ബിനുകുമാർ മാരാരിക്കുളം എന്നിവർക്ക് പുരസ്കാരങ്ങൾ നൽകി ആദരിച്ചു. സാംസ്കാരിക വേദി കോ-ഓഡിനേറ്റർ രാജു പള്ളിപ്പറമ്പിൽ,കെ.ആർ കുറുപ്പ് മാരാരിക്കുളം, എം. ഇ.ഉത്തമക്കുറിപ്പ്,കലവൂർ വിജയൻ, ആശാ കൃഷ്ണാലയം,എച്ച്.സുധീർ,സി.റ്റി.സലിം,ജോസഫ്. എം, ഉദയകുമാർ തുടങ്ങിയവർ പ്രസംഗിച്ചു.

കഞ്ചാവ് ചെടികളുമായി അസാം സ്വദേശി പിടിയിൽ

പെരുമ്പാവൂർ: കുന്നത്തുനാട് എക്സൈസ് പെരുമ്പാവൂർ കുറ്റിപ്പാടം ഭാഗങ്ങളിൽ നടത്തിയ പരിശോധനയിൽ കഞ്ചാവ് ചെടികളുമായി ആസാം സ്വദേശിയായ ഹാറോൺ റഷീദ് (55/24) നെ അറസ്റ്റ് ചെയ്തു. പ്രതി ഹാറോൺ വാടകയ്ക്ക് താമസിക്കുന്ന വീടിനോട് ചേർന്നുള്ള സ്ഥലത്താണ് കഞ്ചാവ് ചെടികൾ നിയമവിരുദ്ധമായി നട്ടു പരിപാലിച്ചത്. ആസാം പച്ചക്കറി തോട്ടത്തിന്റെ മറവിലാണ് ഇയാള് രഹസ്യമായി കഞ്ചാവ് ചെടികൾ നട്ടിരുന്നത്.പ്രതിയെ റിമാൻഡ് ചെയ്തു. കുന്നത്തുനാട് എക്സൈസ് സർക്കിൾ എസ്. ബിനുവിന്റെ നേതൃത്വത്തിൽ എക്സൈസ് ഇന്റലിജിൻസ് ബ്യൂറോ അസ്സി.എക്സൈസ് ഇൻസ്പെക്ടർ ഒ.എൻ അജയകുമാർ, അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ സലിം യൂസഫ്, പ്രിവന്റിവ് ഓഫീസർ ഗ്രേഡ് എം.എ അസൈനാർ,സിവിൽ എക്സൈസ് ഓഫീസർ മാരായ എം.ആർ രാജേഷ്, പി.വി വികാന്ത്, എന്നിവർ പങ്കെടുത്തു.

കൊറോണ രക്ഷക് പോളിസി: ഉടമക്ക് മൂന്നു ലക്ഷം രൂപ നൽകാൻ വിധി

കോതമംഗലം: കോതമംഗലത്തെ വ്യാപാര സ്ഥാപന ഉടമയായ ജയിംസ് തോമസ് എന്നയാൾ 2020ൽ ഓറിയന്റ് ഇൻഷുറൻസ് കമ്പനിയുടെ കൊറോണ രക്ഷക് പോളിസിയിൽ 6936 രൂപ അടച്ച് അതിൽ അംഗമായി ചേർന്നു. കോവിഡ് ബാധിച്ച് ആശുപത്രിയിൽ അഡ്മിറ്റ് ആയതിന് ശേഷം ഡിസ്ചാർജ്ജ് ആകുമ്പോൾ പോളിസി ഉടമക്ക് രണ്ടര ലക്ഷം രൂപ ലഭിക്കുമെന്നതായിരുന്നു ഈ പോളിസിയുടെ പ്രത്യേകത. 2021 ൽ ഇദ്ദേഹം കോവിഡ് ബാധിതനായി ആലുവ രാജഗിരി ആശുപത്രിയിൽ അഡ്മിറ്റ് ആവുകയും ഏറെ ദിവസങ്ങൾക്കു ശേഷം ഡിസ്ചാർജ്ജ് ആയി വീട്ടിലേക്ക് മടങ്ങുകയും ചെയ്തു .പക്ഷെ ജയിംസ് തോമസിന് ക്ലെയിം ലഭിച്ചില്ല.അതേസമയം ഇതേ പോളിസിയിൽത്തന്നെ ഇദ്ദേഹത്തിന്റെ ഭാര്യ ലിസ്സി ജയിംസിന് ക്ലെയിം ലഭിക്കുകയും ചെയ്തു.

ഇൻഷ്വറൻസ് പോളിസിയിൽ ചേരുന്നതിന് മുമ്പ് ജയിംസിന് മറ്റ് രോഗങ്ങൾ ഉണ്ടായിരുന്നുവെന്നും അതിനാൽ ക്ലെയിം നിഷേധിക്കുകയാണെന്നുമായിരുന്നു ഇൻഷ്വറൻസ് കമ്പനിയുടെ വാദം.

ഇതിനെതിരെ കോതമംഗലത്തെ ഓറിയന്റ് ഇൻഷ്വറൻസ് കമ്പനിക്കെതിരെയും ആരോഗ്യ ഇൻഷ്വറൻസ് ടിപിഎ .ഇന്ത്യ ലിമിറ്റഡ് എന്ന സ്ഥാപനത്തിനെതിരെയും എറണാകുളം ജില്ലാ ഉപഭോക്തൃ കോടതിയിൽ 2022 ജനുവരി ഒന്നിന് കേസ് ഫയൽ ചെയ്തു. കേസിൽ ന്യായമുണ്ടെന്നു കണ്ടെത്തിയ പ്രസിഡന്റ് ഡി.ബി.ബിനു, വി.രാമചന്ദ്രൻ ,ടി.എൻ.ശ്രീവിദ്യ എന്നിവർ അടങ്ങുന്ന ജില്ലാ ഉപഭോക്തൃ കമ്മീഷൻ പരാതിക്കാരന് നഷ്ടപരിഹാരം നൽകാൻ കഴിഞ്ഞ മാസം 26 ന് ഉത്തരവായി. ചികിത്സാ ചിലവും നഷ്ടപരിഹാരവും കോടതി ചിലവും ഉൾപ്പടെ മൂന്നു ലക്ഷം രൂപ നൽകാനാണ് വിധിയുണ്ടായത്. പരാതിക്കാരന് വേണ്ടി ഗോപാലൻ വെണ്ടുവഴി കോടതിയിൽ ഹാജരായി.

റസിഡൻഷ്യൽ സ്പോർട്സ് അക്കാദമിയിൽ അപേക്ഷ ക്ഷണിച്ചു

കൊച്ചി: എഎംകെ റസിഡൻഷ്യൽ സ്പോർട്സ് അക്കാദമിയും ഫിസിക്കലി ചലഞ്ചിഡ് ഓൾ സ്പോർട്സ് അസോസിയേഷൻ കേരളയും സംയുക്തമായി ഭിന്നശേഷി ഇല്ലാത്തവർക്കും ഭിന്നശേഷിക്കാർക്കുമായി കേരളം മുഴുവൻ നടപ്പാക്കുന്ന പദ്ധതിയായ റസിഡൻഷ്യൽ സ്പോർട്സ് പരിശീലനത്തിനുള്ള 2024-2025 വർഷത്തെ അപേക്ഷകൾ ക്ഷണിച്ചു.

ചോറ്റാനിക്കരയിൽ പ്രവർത്തനം ആരംഭിക്കുന്ന അക്കാദമിയിൽ ആർച്ചറി, ക്രിക്കറ്റ്, ഫുട്ബോൾ, അത്ലറ്റിക്സ്, ബാഡ്മിന്റൺ, ബേസ്ബോൾ, സോഫ്റ്റ് ബോൾ, ടെന്നിക്കോയിറ്റ് എന്നീ കായിക ഇനങ്ങളിൽ വിദഗ്ധരായ കോച്ചേഴ്സിന്റെ കീഴിലായിരിക്കും പരിശീലനം. സ്റ്റേറ്റ്, ഐ.സി.എസ്.ഇ, സി.ബി.എസ്.ഇ എന്നീ സിലബസുകളിൽ ഏഴു മുതൽ 9 വരെയും പ്ലസ് വൺ, പ്ലസ് ടു എന്നീ ക്ലാസുകളിൽ പഠിക്കുന്ന ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.

അക്കാദമിയിൽ നടക്കുന്ന സെലക്ഷൻ ട്രയലിൽ അതാത് കായിക ഇനങ്ങളിൽ മികവ് തെളിയിക്കുന്ന കായിക താരങ്ങൾക്ക് ഓരോ കായിക ഇനത്തിലും 20 ആൺകുട്ടികൾക്കും 20 പെൺകുട്ടികൾക്കുമാണ് സെലക്ഷൻ ലഭിക്കുക.

pnb Housing Finance Limited Ghar Ki Baat

അനുബന്ധം-IV-എ- ഇ-ലേലം-പബ്ലിക് സെയിൽ നോട്ടീസ് ,സ്ഥാവര സ്വത്തുക്കളുടെ

2002ലെ സെക്യൂരിറ്റൈസേഷൻ ആൻഡ് റികൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റ്, 2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസിലെ പ്രൊവിസോ റൂൾ 8(6) ചേർത്തുവായിക്കുക, പ്രകാരം സ്ഥാവര വസ്തുക്കളുടെ വിൽപ്പനയ്ക്കുള്ള ഇ-ലേല വിൽപ്പന നോട്ടീസ്.

രജിസ്റ്റർ ചെയ്ത ഓഫീസ്: 9-ാം നില, അന്തരിക്ഷ് ഭവൻ, 22, കെ.ജി. മാർഗ്, ന്യൂഡൽഹി-110 001 Ph.: 011-23357171, 23357172, 23705414, വെബ്സൈറ്റ്: www.pnbhousing.com

ഒന്നാം നില, R P ആർക്കേഡ്, ഗോൾഡ് സൂക്ക് മാളിന് സമീപം , റെയിൽവേ മേൽപാലത്തിന് സമീപം, പൊന്നുരുന്നി , വൈറ്റില, കൊച്ചി - 682019

[illegible] ... www.pnbhousing.com ...

ലോൺ നമ്പർ / വായ്പക്കാരൻ	ആവശ്യപ്പെട്ട തുക & തീയതി (ബി)	ജപ്തിയുടെ തരം (സി)	ജാമ്യമായി നൽകിയ വസ്തുക്കളുടെ വിശദാംശങ്ങൾ (ഡി)	റിസർവ് തുക (ആർപി) (ഇ)	ഇഎംഡി (ആർപിയുടെ 10%) (എഫ്)	ബിഡ് സമർപ്പിക്കേണ്ട അവസാന തീയതി (ജി)	ബിഡ് വർദ്ധന തുക (എച്ച്)	ഇൻസ്പെക്ഷൻ തീയതി & സമയം (ഐ)	ലേലത്തിന്റെ തീയതി & സമയം (ജെ)	അറിയാവുന്ന ബാധ്യതകൾ/കോടതി കേസ് (കെ)
NHL/COC/0219/645520 [illegible]	Rs. 90,17,982/- as on date 21.09.2023	(ഫിസിക്കൽ)	[illegible]	Rs. 99,04,000/-	Rs. 9,90,400/-	30.05.2024 between 10:00 AM to 05:00 PM	Rs. 20,000/-	02.05.2024 between 10:00 AM to 05:00 PM	31.05.2024 between 01:00 PM to 02:00 PM	നിൽ / അറിയില്ല

[illegible]

സ്ഥലം: കൊച്ചി , തീയതി : 25-04-2024

ഒപ്പ്/- അംഗീകൃത ഓഫീസർ, ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ്

pnb Housing Finance Limited Ghar Ki Baat

അനുബന്ധം-IV-എ- ഇ-ലേലം-പബ്ലിക് സെയിൽ നോട്ടീസ് ,സ്ഥാവര സ്വത്തുക്കളുടെ

2002ലെ സെക്യൂരിറ്റൈസേഷൻ ആൻഡ് റികൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റ്, 2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസിലെ പ്രൊവിസോ റൂൾ 8(6) ചേർത്തുവായിക്കുക, പ്രകാരം സ്ഥാവര വസ്തുക്കളുടെ വിൽപ്പനയ്ക്കുള്ള ഇ-ലേല വിൽപ്പന നോട്ടീസ്.

രജിസ്റ്റർ ചെയ്ത ഓഫീസ്: 9-ാം നില, അന്തരിക്ഷ് ഭവൻ, 22, കെ.ജി. മാർഗ്, ന്യൂഡൽഹി-110 001 Ph.: 011-23357171, 23357172, 23705414, വെബ്സൈറ്റ്: www.pnbhousing.com

കൊച്ചി ശാഖ: PNB ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ്, ഒന്നാം നില, R P ആർക്കേഡ്, ഗോൾഡ് സൂക്ക് മാളിന് സമീപം , റെയിൽവേ മേൽപാലത്തിന് സമീപം, പൊന്നുരുന്നി , വൈറ്റില, കൊച്ചി - 682019

[illegible] ... www.pnbhousing.com ...

ലോൺ നമ്പർ / വായ്പക്കാരൻ	ആവശ്യപ്പെട്ട തുക & തീയതി (ബി)	ജപ്തിയുടെ തരം (സി)	ജാമ്യമായി നൽകിയ വസ്തുക്കളുടെ വിശദാംശങ്ങൾ (ഡി)	റിസർവ് തുക (ആർപി) (ഇ)	ഇഎംഡി (ആർപിയുടെ 10%) (എഫ്)	ബിഡ് സമർപ്പിക്കേണ്ട അവസാന തീയതി (ജി)	ബിഡ് വർദ്ധന തുക (എച്ച്)	ഇൻസ്പെക്ഷൻ തീയതി & സമയം (ഐ)	ലേലത്തിന്റെ തീയതി & സമയം (ജെ)	അറിയാവുന്ന ബാധ്യതകൾ/കോടതി കേസ് (കെ)
HOU/COC/1117/457223 പ്രദീപ് കെ.പി./ വർഷ ഉദയൻ ബി.ഒ: കൊച്ചി	Rs. 3,184,770.03 as on date 15.07.2022	(ഫിസിക്കൽ)	[illegible]	Rs. 26,40,000/-	Rs. 2,64,000/-	13-05-2024 between 10:00 AM to 05:00 PM	Rs. 10,000/-	01.05.2024 between 10:00 AM to 05:00 PM	14.05.2024 between 01:00 AM to 02:00 PM	ഇല്ല/അറിവുള്ളതല്ല

[illegible]

സ്ഥലം: കൊച്ചി , തീയതി: 25.04.2024

ഒപ്പ്/- അംഗീകൃത ഓഫീസർ, ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ്

IN THE HIGH COURT OF DELHI AT NEW DELHI
(ORDINARY ORIGINAL CIVIL JURISDICTION)
ARB. P. 54/2023
EXTRAMARKS EDUCATION INDIA PVT. LTD.
VERSUS ...Petitioner
NEW EUREKA INTERNATIONAL SCHOOL & ANR.
...Respondents

To,
RESPONDENT NO. 2:- BODHISATVA EDUCATIONAL TRUST (THROUGH ITS SECRETARY) MR. UJJWAL KUMAR PLOT NO. 935, OPPOSITE INDIAN OIL PETROL PUMP, SH 70, FATEHPUR, GAYA, BIHAR - 824232

WHEREAS the above named Petitioner has filed a petition under Section 11 of the Arbitration & Conciliation Act, 1996. Whereas, this Court issued notice to you, the above named Respondent No. 2. AND WHEREAS it has been shown to the satisfaction of the Court that it is not possible to serve you in the ordinary way, therefore, this notice is given by publication directing you to make appearance before Ld. Joint Registrar (Judicial) of this Hon'ble Court on 30.04.2024 at 11.00 A.M. to defend the above mentioned petition. Take notice that in default of your appearance on the day mentioned above, the Petition will be heard and determined in your absence. Given under my hand and the seal of the Court in terms of order dated 22nd day of March, 2024.

Seal

Assistant Registrar(O) for Registrar General my

ഗൃഹം ഹൗസിങ് ഫിനാൻസ് ലിമിറ്റഡ്
(പൂനവാല ഹൗസിങ് ഫിനാൻസ് ലിമിറ്റഡ് എന്ന് മുൻപ് അറിയപ്പെട്ടിരുന്നത്)

രജിസ്ട്രേഡ് ഓഫിസ്: 602, ആറാം നില, സിറോ വൺ ഐടി പാർക്ക്, എസ്ആർ നമ്പർ 79/1, ഗോർപാഡി, മുന്ദ്വ റോഡ്, പുനെ-411036, ശാഖ ഓഫിസ് യൂണിറ്റ്: നമ്പർ 1510, രണ്ടാം നില, ശ്രീ കോംപ്ലക്സ്, ട്രിച്ചി റോഡ്, കോയമ്പത്തൂർ, തമിഴ്നാട്- 641018

ഇ-ലേല- വിൽപ്പന നോട്ടീസ്
സർഫേസി ആക്റ്റ് പ്രകാരം സ്ഥാവര വസ്തുക്കളുടെ വിൽപ്പനയ്ക്കുള്ളത്

2002ലെ സെക്യൂരിറ്റൈസേഷൻ ആൻഡ് റികൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റ് ("ദ ആക്റ്റ്"), 2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസിലെ റൂൾ 8&9 ചേർത്തുവായിക്കുക, പ്രകാരം സ്ഥാവര വസ്തുക്കളുടെ വിൽപ്പനയ്ക്കുള്ള ഇ-ലേല വിൽപ്പന നോട്ടീസ്.

ഗൃഹം ഹൗസിങ് ഫിനാൻസ് ലിമിറ്റഡിന് (മുമ്പ് പൂനവാല ഹൗസിങ് ഫിനാൻസ് ലിമിറ്റഡ് എന്നറിയപ്പെട്ടിരുന്നത്, പൂനവാല ഹൗസിങ് ഫിനാൻസ് ലിമിറ്റഡ് എന്ന പേര് 2023 നവംബർ 17 മുതൽ ഗൃഹം ഹൗസിങ് ഫിനാൻസ് ലിമിറ്റഡ് എന്ന് മാറ്റിയിരിക്കുന്നു (മുമ്പ് മാഗ്മ ഹൗസിങ് ഫിനാൻസ് ലിമിറ്റഡ് എന്നറിയപ്പെട്ടിരുന്നതും ജിഇ മണി ഹൗസിങ് ഫിനാൻസ് പബ്ലിക് അൺലിമിറ്റഡ് കമ്പനി എന്ന പേരിനോട് കൂട്ടിച്ചേർത്തതും) (ആക്റ്റ് പ്രകാരം ഇനി "സെക്യേർഡ് ക്രെഡിറ്റർ" എന്ന് പറയുന്നത്) ജാമ്യമായി നൽകിയിരിക്കുന്ന താഴെപ്പറയുന്ന സ്ഥാവര വസ്തുക്കൾ, പ്രസ്തുത ആക്റ്റിന്റെ സെക്ഷൻ 13(2) പ്രകാരമുള്ള നോട്ടീസ് അനുസരിച്ച് പ്രസ്തുത ആക്റ്റിന്റെ സെക്ഷൻ 13(12) പ്രകാരവും സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾ 8&9 ചേർത്ത് വായന പ്രകാരവും, സെക്യേർഡ് ക്രെഡിറ്ററുടെ അംഗീകൃത ഓഫീസർ ജപ്തി ചെയ്ത് ഏറ്റെടുത്തിട്ടുള്ളതാണെന്ന് വായ്പക്കാർ/സഹവായ്പക്കാർ/മോർട്ട്ഗേജർ/ജാമ്യക്കാർ എന്നിവർക്ക് പ്രത്യേകിച്ചും പൊതുജനങ്ങൾക്കു പൊതുവായും ഇതിനാൽ നോട്ടീസ് നൽകുന്നു.

പ്രസ്തുത ജാമ്യവസ്തുക്കൾ 28.05.2024ന് "എവിടെയാണോ ഉള്ളത്" & "എന്താണോ ഉള്ളത്", "എന്തൊക്കെയാണോ ഉള്ളത്" അടിസ്ഥാനത്തിലും ഇ-ലേല വിൽപ്പന നടത്തുന്നതാണ്. https://www.bankeauctions.com എന്ന വെബ്സൈറ്റ് മുഖേന ആയിരിക്കും ഇ-ലേലം നടക്കുക എന്ന് പൊതുജനങ്ങളെ അറിയിക്കുന്നു. വിൽപ്പന സംബന്ധിച്ച നിബന്ധനകളും വ്യവസ്ഥകളും അറിയാൻ GHFL's/സെക്യേർഡ് ക്രെഡിറ്ററുടെ വെബ്സൈറ്റ് www.grihumhousing.com എന്നതിലെ ലിങ്ക് സന്ദർശിക്കുക.

Sl. No.	പ്രൊപ്പോസൽ നമ്പർ കസ്റ്റമറുടെ പേര് (A)	ഡിമാൻഡ് നോട്ടീസ് തിയതിയും കുടിശിക തുകയും (B)	ജപ്തിയുടെ തരം (C)	വസ്തുവിന്റെ വിശദാംശങ്ങൾ (D)	റിസർവ് തുക (E)	ഇഎംഡി (ആർപിയുടെ 10%) (F)	ഇഎംഡി സമർപ്പിക്കേണ്ട തിയതി (G)	ഇൻക്രിമെന്റൽ ബിഡ് (H)	വസ്തു പരിശോധിക്കുന്ന തിയതിയും സമയവും (I)	ലേലതിയതിയും സമയവും (J)	അറിയാവുന്ന ബാധ്യതകൾ/കോടതി കേസുകൾ എന്തെങ്കിലും ഉണ്ടെങ്കിൽ (K)
1	Loan No. HM/0119/H/16/100024 അഖിൽ ദേവ് (വായ്പക്കാരൻ) പ്രകാശിനി (സഹവായ്പക്കാരൻ)	22/07/2022 Rs.2865443.56 (ഇരുപത്തെട്ട് ലക്ഷത്തി അറുപത്തിയയ്യായിരത്തി നാന്നൂറ്റി നാൽപ്പത്തിമൂന്ന് രൂപ അമ്പത്താറ് പൈസ) 22.07.2022 മുതൽ തിരിച്ചടവ് വരെ @ 13.80 പി.എ. തുടർപലിശയും സഹിതം.	(ഫിസിക്കൽ)	കോട്ടയം ജില്ലയിൽ വൈക്കം താലൂക്കിൽ ഉദയനാപുരം വില്ലേജിൽ സർവേ നമ്പർ 60/2ലെ 2.83 ആഴ്സ് സ്ഥലവും സർവേ നമ്പർ 60/1-1ലെ 17.40 ആഴ്സ് സ്ഥലവും ഉൾപ്പടെ ആകെ 20.23 ആഴ്സ് (50 സെന്റ്) വിസ്തൃതിയോടു കൂടിയ സ്ഥലവും അതിനോട് ചേർന്ന് 8/51 എന്ന നമ്പറിലുള്ള കെട്ടിടവും അതിലെ മറ്റു വസ്തുവകകളും എല്ലാം ഉൾപ്പടെ. അതിർത്തികൾ: വടക്ക്- മണലേൽ പൊന്നപ്പന്റെ സ്ഥലം, കിഴക്ക്- കരുണാകരൻ നായരുടെയും ഗോപാലൻ നായരുടെയും സ്ഥലം, തെക്ക്- ഓമന & കൃഷ്ണപ്രിയ & വിഷ്ണുപ്രിയ എന്നിവരുടെ ബാക്കിയുള്ള സ്ഥലം, പടിഞ്ഞാറ്- നാട്ടുതോട്.	Rs. 36,84,100/- (മുപ്പത്താറ് ലക്ഷത്തി എൺപത്തിനാലായിരത്തി നൂറ് രൂപ)	Rs. 3,68,410/- (മൂന്ന് ലക്ഷത്തി അറുപത്തിയെണ്ണായിരത്തി നാന്നൂറ്റി പത്ത് രൂപ)	27/05/2024 Before 5 PM	10,000/-	21/05/2024 (11AM – 4PM)	28/05/2024 (11 AM- 2PM)	ഇല്ല

ബിഡ്ഡർമാർ/പർച്ചേസർമാർക്ക് സെക്യൂർഡ് ക്രെഡിറ്റർ ബ്രാഞ്ചും ലേല വസ്തുക്കളും സന്ദർശിക്കാനും അവരുടേതായ അന്വേഷണം നടത്താനും അധിക ചാർജുകൾ, ബാധ്യതകൾ, ഏതെങ്കിലും മൂന്നാം കക്ഷി താൽപ്പര്യങ്ങൾ, സംതൃപ്തി എന്നിവ കണ്ടെത്താനും നിർദ്ദേശിക്കുന്നു. ബിഡ്ഡുകൾ സമർപ്പിക്കുന്നതിന് മുമ്പ് എല്ലാ വശങ്ങളിലും സ്വയം/അവർ തന്നെ. പ്രോപ്പർട്ടി ടാക്സ്, ഇലക്ട്രിസിറ്റി/വാട്ടർ കുടിശ്ശികകൾ തുടങ്ങിയ എല്ലാ നിയമപരമായ കുടിശ്ശികകളും, പ്രോപ്പർട്ടിയുമായി ബന്ധിപ്പിച്ചിട്ടുള്ള മറ്റേതെങ്കിലും കുടിശ്ശികകൾ എന്തെങ്കിലും ഉണ്ടെങ്കിൽ, വിജയിച്ച ബിഡ്ഡർ കണ്ടെത്തുകയും അടയ്ക്കുകയും വേണം. താൽപ്പര്യമുള്ള ലേലക്കാർ പോർട്ടലിൽ രജിസ്റ്റർ ചെയ്യുകയും ലോഗിൻ ഐഡിയും പാസ്‌വേഡും നന്നായി നേടുകയും വേണം. മുൻകൂറായി, ഇ-ബിഡ്ഡിംഗിന് നിർബന്ധമാണ്, ലേല സേവന ദാതാവിൽ നിന്ന് C1 ഇന്ത്യ PVT LTD. വിലാസം- പ്ലോട്ട് നമ്പർ-68 മൂന്നാം നില ഗുഡ്ഗാവ് ഹരിയാന-122003. ഹെൽപ്പ് ലൈൻ നമ്പർ- 7291981124,25,26 പിന്തുണ ഇമെയിൽ ഐഡി - Support@bankeauctions.com. ബന്ധപ്പെടേണ്ട വ്യക്തി -ധർണി പി, ഇമെയിൽ ഐഡി- dharani.p@c1india.com കോൺടാക്റ്റ് നമ്പർ- 9948182222. വരാനിരിക്കുന്ന ലേലക്കാർക്ക് അവരിൽ നിന്ന് മാത്രം ഇ-ലേലത്തിൽ ഓൺലൈൻ പരിശീലനം നേടാമെന്നത് ശ്രദ്ധിക്കുക. 'Grihum Housing Finance Ltd', Bank-ICICI BANK LTD എന്ന അക്കൗണ്ടിൽ NEFT/RTGS/DD വഴി ഏണസ്റ്റ് മണി ഡെപ്പോസിറ്റിന്റെ (EMD) തുക സമർപ്പിക്കാൻ ഉദ്ദേശിക്കുന്ന വാങ്ങുന്നയാൾ/ബിഡ്ഡർ ആവശ്യമാണ്. അക്കൗണ്ട് നമ്പർ-000651000460, IFSC കോഡ്- ICIC0000006, 20, R. N. മുഖർജി റോഡ്- കൊൽക്കത്ത-700001 എന്നിവ ഏതെങ്കിലും ദേശസാൽകൃത അല്ലെങ്കിൽ ഷെഡ്യൂൾഡ് ബാങ്കിൽ 27/05/2024-നോ അതിനുമുമ്പോ എടുത്ത് അവരുടെ പേര് https://www.bankeauctions.com-ൽ രജിസ്റ്റർ ചെയ്യുക. യൂസർ ഐഡിയും പാസ്‌വേഡും സൗജന്യമായി നൽകുകയും സേവന ദാതാവിൽ നിന്ന് ഇ-ലേലത്തിൽ പരിശീലനം നേടുകയും ചെയ്യുക. വെബ്സൈറ്റിൽ അവരുടെ രജിസ്ട്രേഷന് ശേഷം, വാങ്ങാൻ ഉദ്ദേശിക്കുന്ന വ്യക്തി/ബിഡ്ഡർ ഇനിപ്പറയുന്ന രേഖകളുടെ പകർപ്പുകൾ അപ്‌ലോഡ് ചെയ്ത് ഇ-മെയിൽ അപ്‌ലോഡ് ചെയ്യുകയും സ്വയം സാക്ഷ്യപ്പെടുത്തിയ ഹാർഡ് കോപ്പി വിലാസം- നമ്പർ, 1510, രണ്ടാം നില, ശ്രീ കോംപ്ലക്സ്, ട്രിച്ചി റോഡ്, കോയമ്പത്തൂർ എന്ന വിലാസത്തിൽ ലഭിക്കുകയും വേണം. , തമിഴ്നാട്-641018 മൊബൈൽ നമ്പർ. +91 9567626050 ഇ-മെയിൽ ഐഡി rahul.r1@grihumhousing.com. ഇ-ലേലത്തിൽ പങ്കെടുക്കാൻ നിബന്ധനകളും വ്യവസ്ഥകളും സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് https://www.bankeauctions.com & www.grihumhousing.com സന്ദർശിക്കുക. സെക്യൂരിറ്റി ഇൻററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾ-2002-ന്റെ റൂൾ 8(6) പ്രകാരം കടം വാങ്ങുന്നയാൾ/സഹ-വായ്പക്കാരൻ/ മോർട്ട്ഗാഗർ (കൾ)/ഗ്യാറന്റർ(കൾ) എന്നിവർക്കുള്ള 30 ദിവസത്തെ നോട്ടീസായി ഈ അറിയിപ്പ് പരിഗണിക്കണം.

സ്ഥലം: കോട്ടയം , തിയതി: 26.04.2024

ഒപ്പ്/- അംഗീകൃത ഓഫീസർ, ഗൃഹം ഹൗസിങ് ഫിനാൻസ് ലിമിറ്റഡ് (പൂനവാല ഹൗസിങ് ഫിനാൻസ് ലിമിറ്റഡ് എന്ന് മുൻപ് അറിയപ്പെട്ടിരുന്നത്)